(ബി) കെ.റ്റി.ഡി.സി.യിൽ - അസിസ്റ്റന്റ് കുക്കിന്റെ തസ്തികയിലേക്കുള്ള നിയമനം കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരുന്നതല്ല.

(സി) കെ.റ്റി.ഡി.സി.യിലെ അസിസ്റ്റന്റ് കുക്ക് നിയമനവുമായി ബന്ധപ്പെട്ട് ഹൈക്കോടതിയിൽ ഫയൽ ചെയ്യപ്പെട്ടിരുന്ന WP(C) No. 27303/2014-ൽ 5-11-2014-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിഷയം വിശദമായി പരിശോധിക്കുകയും അസിസ്റ്റന്റ് കുക്ക് തസ്തികയുടെ റാങ്ക് ലിസ്റ്റ് പ്രസിദ്ധപ്പെടുത്തുവാൻ വേണ്ട അടിയന്തര നടപടികൾ സ്വീകരിക്കുവാൻ കെ.റ്റി.ഡി.സി. മാനേജിംഗ് ഡയറക്ടറോട് ആവശ്യപ്പെട്ടുകൊണ്ട് 5-6-2015-ലെസ.ഉ(സാധാ)നമ്പർ 246/2015/ ടൂറിസം പ്രകാരം ഉത്തരവായിട്ടുമുണ്ട്.

(ഡി) 'ബി' പിരിവിലെ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

'വിസ ഓൺ അറൈവൽ' പദ്ധതി

269(2549) ഡോ. എൻ. ജയരാജ്:

ശ്രീ. റോഷി അഗസ്റ്റിൻ:

ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് വിനോദസഞ്ചാരമേഖലയിൽ നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) സംസ്ഥാനത്ത് വിസ ഓൺ അറൈവൽ പദ്ധതി ഏർപ്പെടുത്തുക വഴി കൈവരിച്ച നേട്ടങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) 'വിസ ഓൺ അറൈവൽ' പദ്ധതി ഇപ്പോൾ 'ഇ-ടൂറിസ്റ്റ് വിസ ഓൺ അറൈവൽ' സംവിധാനമായി പരിഷ്കരിച്ചാണ് കേന്ദ്രഗവൺമെന്റ് നടപ്പിലാക്കുന്നത്. ഇന്ത്യയിലെ 16 വിമാനത്താവളങ്ങളിൽ ഏർപ്പെടുത്തിയിട്ടുള്ള ഈ സംവിധാനം കേരളത്തിൽ കൊച്ചി, തിരുവനന്തപുരം എന്നീ 2 വിമാനത്താവളങ്ങളിൽ ലഭ്യമാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

താരതമ്യേന എളുപ്പമായ നടപടിക്രമങ്ങളിലൂടെ 113 രാജ്യങ്ങളിൽ നിന്ന് വിനോദസഞ്ചാരം, സുഹൃത്തുക്കളേയും ബന്ധുക്കളേയും സന്ദർശിക്കൽ, ചികിത്സ/ബിസിനസ് ആവശ്യങ്ങൾ എന്നിവയ്ക്കായി ഇന്ത്യയിലെത്തുന്ന വിദേശികൾക്ക് ഹ്രസ്വകാലയളവിലേക്ക് മിതമായ ഫീസിന് നൽകുന്ന ഈ വിസ കേരളത്തിലെ വിനോദസഞ്ചാര മേഖലയിലും ഉണർവ് പകർന്നിട്ടുണ്ട്. ഓൺലൈൻ വഴി അപേക്ഷ നൽകിയശേഷം ലഭിക്കുന്ന ഇലക്ട്രോണിക് ആതറൈസേഷനുമായി (ETA) കേരളത്തിലേക്ക് വരാവുന്നതാണ്. തുടർന്ന് വിമാനത്താവളത്തിൽ നടത്തുന്ന ലളിതമായ പരിശോധനകൾക്ക് ശേഷം നൽകുന്ന 30 ദിവസത്തെ കാലാവധിയുള്ള വിസ ഉപയോഗിച്ച് യാത്ര ചെയ്യാവുന്നതാണ്. ഇ-ടൂറിസ്റ്റ് വിസ അനുവദിച്ചിട്ടുള്ള 113 രാജ്യങ്ങളുടെ പട്ടികയിൽ കേരളത്തിന് വിപണി സാധ്യതയുള്ള ധാരാളം മാർക്കറ്റുകൾ ഉണ്ട്. ഇവിടങ്ങളിൽ പ്രചാരണപരിപാടികൾ ശക്തമാക്കിയും പുതിയ മാർക്കറ്റുകളിൽ സാന്നിദ്ധ്യം അറിയിച്ചും കേരള ടൂറിസം കൂടുതൽ ആൾക്കാരെ കേരളത്തിലേക്ക് ആകർഷിക്കുവാൻ വിപണനതന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിദേശ വിനോദസഞ്ചാരികളുടെ എണ്ണം, വളർച്ചാനിരക്ക് എന്നിവ കൂടുതൽ വിദേശനാണ്യ വരുമാനം നേടുന്നതിന് സഹായിക്കും. ഇത് കേരളത്തിന്റെ സാമ്പത്തിക മേഖലയ്ക്കാകെ ഉണർവ്വേകും. അനുബന്ധ വ്യവസായങ്ങൾക്കും ജനവിഭാഗങ്ങൾക്കും ഇത് സഹായകമാകുമെന്ന് കരുതുന്നു.

ഫാം ടൂറിസം പദ്ധതി

270 (2550) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രവിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലായി ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ പദ്ധതിയിൽ ചേലക്കര നിയോജകമണ്ഡലത്തിലെ ഏതെല്ലാം മേഖലകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും അത് സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) ഫാംടൂറിസം പദ്ധതി ഇപ്പോൾ നിലവിലില്ല. പരിശോധിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly